പദ്ധതിയുടെ ആകെ നിർമ്മാണത്തിന്റെ 61.2% പണികൾ പൂർത്തിയായിട്ടുണ്ട്. ബ്ലോക്ക് 1 മുതൽ 5 വരെയുള്ള അണക്കെട്ടിന്റെ പണികളും അണക്കെട്ടിന്റെ മുകളിലൂടെയുള്ള പാലത്തിന്റെ പണികളും തുടങ്ങിയിട്ടില്ല. ഗേറ്റുകളുടെ ഇറക്ഷൻ പണിയും സർവ്വീസ് ബേയുടെ മുകളിലുള്ള പവർ ഹൗസ് പണിയും ഇറക്ഷൻ പണികളും തുടങ്ങിയിട്ടില്ല.

സമയബന്ധിതമായി പദ്ധതി പൂർത്തീകരിക്കുന്നതിനായി പവർ ഹൗസിന്റെ സർവ്വീസ് ബേ ലെവലിന് മുകളിലുള്ള നിർമ്മാണം പ്രീ-എഞ്ചിനിയേർഡ് ബിൽഡിംഗ് ആക്കി മാറ്റിയിട്ടുണ്ട്. കൂടാതെ, നിർമ്മാണം ദ്രുതഗതിയിൽ ആക്കുന്നതിനുള്ള നിർദ്ദേശങ്ങൾ കോൺട്രാക്ടർമാർക്ക് നൽകിയിട്ടുണ്ട്.

(സി) അതെ.

(ഡി) നദിയുടെ വലതുകരയിലെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനാവശ്യമായ ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുവാൻ സാധിക്കുകയുള്ളൂ. എന്നാൽ, 07/2016-ൽ പദ്ധതി ഭാഗികമായി കമ്മിഷൻചെയ്യാമെന്നാണ് പ്രതീക്ഷിക്കുന്നത്.

അങ്കമാലിയിൽ ഇലക്ട്രിക് ഡിവിഷൻ ഓഫീസ്

89 (474) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലിയിൽ ഇലക്ട്രിക് ഡിവിഷൻ ഓഫീസ് അനുവദിക്കുന്നത് സംബന്ധിച്ച് 17-12-2015-ൽ സമർപ്പിച്ച നിവേദനത്തിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ഇ.ബി. ചെയർമാന് നിർദ്ദേശം നൽകിയിട്ടുണ്ടോ എന്ന് അറിയിക്കാമോ ;

(ബി) എങ്കിൽ നൽകിയിട്ടുള്ള നിർദ്ദേശം എന്തെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത നിർദ്ദേശം നടപ്പിലാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) അങ്കമാലിയിൽ ഇലക്ട്രിക്കൽ ഡിവിഷൻ ഓഫീസ് അനുവദിക്കാനുള്ള നിർദ്ദേശം കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ് ചെയർമാൻ & മാനേജിംഗ് ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. പ്രസ്തുത വിഷയം ബോർഡിന്റെ പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly